(സി, ഡി) ചില ആവശ്യങ്ങളും പദ്ധതികളും ഇതിനകം അനുവദിക്കുകയും മറ്റു ചിലത് സമയബന്ധിതമായി തീർക്കാമെന്നുള്ള ഉറപ്പ് സംസ്ഥാനത്തിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. കാലവർഷക്കെടുതിമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കും പട്ടികവർഗ്ഗക്കാർക്കും തോട്ടം തൊഴിലാളികൾക്കും രണ്ടാഴ്ചക്കാലം സൗജന്യ റേഷൻ നൽകുന്നതിന് 25,000 ടൺ അരിയും വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് എസ്. ജി. ആർ. വൈ. (സ്പെഷ്യൽ കമ്പോണന്റ്) പ്രകാരം ഫുഡ് ഫോർ വർക്ക് സ്കീമിൽ ഉൾപ്പെടുത്തി 42,000 മെട്രിക് ടൺ അരിയും അനുവദിച്ചു. വല്ലാർപ്പാടം അന്തർദേശീയ കണ്ടെയ്നർ ടെർമിനൽ പ്രോജക്ടിന്റെ പണി 2003-ൽ തന്നെ ആരംഭിക്കുമെന്ന ഉറപ്പ് ലഭിച്ചിട്ടുണ്ട്. കോട്ടയം വഴിയുള്ള എറണാകുളം-കായംകുളം റെയിൽപ്പാത ഇരട്ടിപ്പിക്കുന്നതിന് 8 കോടി രൂപയും, കോഴിക്കോട്-മംഗലാപുരം പാതക്ക് 25 കോടി രൂപയും ഷൊർണ്ണൂർ-കോഴിക്കോടിന് 30 കോടി രൂപയും നടപ്പു വർഷത്തെ റെയിൽവേ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഴം പച്ചക്കറി എക്സ്പോർട്ട് സോണിന് കേന്ദ്ര സർക്കാരിന്റെ അനുമതിയും ഇതിനകം ലഭിച്ചിട്ടുണ്ട്.

ഗവ. മെഡിക്കൽ കോളേജ് ആശുപത്രികളിലെ ന്യൂക്ലിയർ മെഡിസിൻ ഡിപ്പാർട്ടുമെന്റിൽ നടത്തുന്ന പാരാമെഡിക്കൽ ടെസ്റ്റുകൾ

* 16 [367] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
„ കെ. മോഹൻകുമാർ:
„ എ. കെ. മണി:
„ എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിലെ ന്യൂക്ലിയർ മെഡിസിൻ ഡിപ്പാർട്ട്മെൻറിൽ നടത്തുന്ന വിവിധ പാരാമെഡിക്കൽ ടെസ്റ്റുകൾക്ക് ഈടാക്കുന്ന തുക ഗവൺമെന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയോ സ്ഥാപനത്തിന്റെയോ രോഗികളുടേയോ നന്മക്കുവേണ്ടി ചെലവഴിക്കുകയോ ചെയ്യാറുണ്ടോ;

(ബി) ഈ വകുപ്പ് സ്ഥാപിച്ച ശേഷം പാരാമെഡിക്കൽ ടെസ്റ്റിന്റെ ഫീസിനത്തിൽ ഇന്നേവരെ എന്തു തുക ലഭിച്ചിട്ടുണ്ട്;

(സി) പ്രസ്തുത തുക എപ്രകാരമാണ് ചെലവഴിച്ചിട്ടുള്ളത്;

(ഡി) ഈ വകുപ്പിന് കേന്ദ്ര ഗവൺമെന്റിൽനിന്നും എന്തു തുക ധനസഹായമായി ലഭിച്ചിട്ടുണ്ട്; പ്രസ്തുത തുക എന്തെല്ലാം കാര്യങ്ങൾക്കു വേണ്ടി ചെലവഴിച്ചു;

(ഇ) ഈ ഡിപ്പാർട്ട്മെന്റിന്റെ വരവുചെലവ് കണക്കുകൾ ആഡിറ്റിന് വിധേയമാക്കിയിട്ടുണ്ടോ;

(എഫ്) ഈ വകുപ്പിന്റെ വരവുചെലവ് കണക്കുകൾ അക്കൗണ്ടന്റ് ജനറലിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കാൻ വേണ്ട നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്ന് 23,56,600 രൂപയും കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് നാലു ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരത്ത് ന്യൂക്ലിയർ മെഡിസിൻ വകുപ്പിനുവേണ്ടി ഐസോടോപ്പ് വാങ്ങുന്നതിനായും നിർദ്ധനർക്കുള്ള പരിശോധനാച്ചെലവിനുവേണ്ടിയും കോഴിക്കോട് ഗാമാ ക്യാമറയുടെ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുമാണ് തുക ചെലവഴിച്ചിട്ടുള്ളത്.

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിന് ഈയിനത്തിൽ കേന്ദ്രസഹായം ലഭിച്ചിട്ടില്ല. എന്നാൽ കോഴിക്കോട് മെഡിക്കൽ കോളേജിന് കേന്ദ്ര അണുശക്തി വകുപ്പിന്റെ BRIT എന്ന സ്ഥാപനത്തിൽനിന്നും 37 ലക്ഷം രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് ഒരു ഗാമ ക്യാമറയും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് വിഭാഗം ഇപ്പോൾത്തന്നെ ടി വകുപ്പിന്റെ വരവുചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നുണ്ട്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് നൽകിയിട്ടുള്ള നിവേദനങ്ങൾ

1 [5144] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ മുഖ്യമന്ത്രി ഔദ്യോഗികമായി പ്രധാനമന്ത്രിയെ എത്രപ്രാവശ്യം സന്ദർശിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രി പ്രധാനമന്ത്രിയെ സന്ദർശിക്കുമ്പോൾ സംസ്ഥാനത്തെ ബാധിക്കുന്ന വിഷയങ്ങളെ സംബന്ധിച്ചുള്ള നിവേദനങ്ങൾ നൽകാറുണ്ടോ; എങ്കിൽ ഇതിനകം എത്ര നിവേദനങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രധാനമന്ത്രിക്ക് സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങളെ സംബന്ധിച്ച് എത്ര നിവേദനങ്ങൾ അയച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ഇതിൽ ഫാക്സ് മുഖേന എത്ര നിവേദനങ്ങൾ അയച്ചിട്ടുണ്ട്;

(ഇ) ഈ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ എടുത്തിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(എഫ്) സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യങ്ങളെ സംബന്ധിച്ചും നിവേദനങ്ങൾ സ്വീകരിച്ചും കേന്ദ്ര സർക്കാർ സംസ്ഥാന ഗവൺമെന്റുമായി ഔദ്യോഗികമായി ചർച്ച നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly